## ഉദയം ചാരിറ്റബിൾ സൊസൈറ്റി
## സിവിൽ സ്റ്റേഷൻ ,കോഴിക്കോട്-20

## താൽപര്യപത്രം ക്ഷണിക്കുന്നു

**ഫയൽ നമ്പർ: UDM/2025/004** **തിയ്യതി: 20/01/2025**

കോഴിക്കോട് ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന **ഉദയം ചാരിറ്റബിൾ സൊസൈറ്റിയുടെ** ഉദയം പദ്ധതിയിലെ അന്തേവാസികൾക്ക് കാന്റീൻ സേവനങ്ങൾ കരാർ അടിസ്ഥാനത്തിൽ നൽകുന്നതിനുള്ള താല്പര്യപത്രം അനുയോജ്യമായ ആളുകൾ/സംഘടനകൾ / സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും ക്ഷണിക്കുന്നു. 2025 ജനുവരി 25 വൈകിട്ട് 4 മണിക്ക് മുൻപായി ചുവടെ കൊടുക്കുന്ന മേൽവിലാസത്തിൽ താല്പര്യപത്രം സമർപ്പിക്കേണ്ടതാണ്.

സെക്രട്ടറി, ഉദയം ചാരിറ്റബിള് സൊസൈറ്റി, c/o സൂപ്രണ്ട്, ഉദയം ഹോം, ഗവ:ഡേർമറ്റോളജി ഹോസ്പിറ്റൽ ക്യാമ്പസ്, ചേവായൂർ പി ഓ, കോഴിക്കോട് -673017
Ph: 9207391138.
ഇമെയിൽ : udayamprojectkozhikode@gmail.com

### സാങ്കേതിക യോഗ്യതാ മാനദണ്ഡം

1. കഴിഞ്ഞ രണ്ട് വർഷമായി പ്രശസ്തമായ സ്ഥാപനങ്ങൾ/സർക്കാർ മേഖല/ സമാന സ്ഥാപനങ്ങൾ എന്നിവയിൽ തുടർച്ചയായി കാൻ്റീന്/ഹോസ്റ്റൽ/മെസ്സ് എന്നിവ തൃപ്തികരമായി നടത്തിയ അനുഭവം ഉണ്ടായിരിക്കണം.
2. 2006ലെ ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേർഡ്സ് ആക്ട് പ്രകാരമുള്ള ലൈസൻസ് ഉണ്ടായിരിക്കണം (കഴിഞ്ഞ രണ്ട് വർഷമായി എഫ്എസ്എസ്എഐ(FSSAI) ലൈസൻസിൻ്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ).

### ഉപാധികളും നിബന്ധനകളും

1. കാമ്പസിൽ ക്യാൻ്റീൻ അനുവദിക്കുന്നത് ഒരു വർഷത്തെ കരാർ അടിസ്ഥാനത്തിലാണ്. അലോട്ട്മെൻ്റ് ഏറ്റെടുക്കുന്ന സമയത്ത്, ഉചിതമായ മൂല്യമുള്ള നോൺ ജുഡീഷ്യൽ സ്റ്റാമ്പ് പേപ്പറിൽ ഒരു കരാറിൽ ഏർപ്പെടേണ്ടതാണ്.
2. പൂർണമായും സജ്ജീകരിച്ച നിലവിൽ ഉള്ള അടുക്കള ഉപയോഗിക്കാവുന്നതാണ്. അവർക്ക് നൽകിയിട്ടുള്ള എല്ലാ ഉപകരണങ്ങളും അടിസ്ഥാന സൗകര്യങ്ങളും നല്ല രീതിയിൽ പരിപാലിക്കുകയും നിലനിർത്തുകയും ചെയ്യുക, കരാർ പൂർത്തീകരിക്കുമ്പോൾ/റദ്ദാക്കുമ്പോൾ അത് നല്ല പ്രവർത്തനാവസ്ഥയിൽ ഉദയത്തിനു കൈമാറുക എന്നത് കരാറിലേർപ്പെടുന്ന ആളിന്റെ മാത്രം ബാധ്യതയാണ്.
3. പ്രതിമാസ വൈദ്യുതി ചാർജ്ജ് ഉദയം വഹിക്കും

4. സ്ഥാപനത്തിൽ ജലദൗർലഭ്യം നേരിടുന്ന സാഹചര്യത്തിൽ, ഭക്ഷണം തയ്യാറാക്കുന്നതിന് ആവശ്യമായ കുടിവെള്ളം ബദൽ മാർഗങ്ങളിലൂടെ ലഭ്യമാക്കുന്നത് കരാറിലേർപ്പെടുന്ന ആൾ ഉറപ്പാക്കണം.

5. രണ്ടു നേരം ചായ & ലഘു കടികൾ , പ്രഭാത ഭക്ഷണം, ഉച്ച ഭക്ഷണം, അത്താഴം എന്നിവ നൽകണം. അന്തേവാസികളുടെ മൂന്നു ഹോമുകളിലുമായി എണ്ണം കുറഞ്ഞത് 160 - ഉം കൂടിയത് 242 - ഉം വരെയാകാം.

6. നിശ്ചിത മെനുവിന് അനുസൃതമായി നടത്തിപ്പുകാരൻ ഭക്ഷണം നൽകണം. ഓണം, വിഷു ക്രിസ്മസ്, ബക്രീദ് , പെരുന്നാൾ , പുതുവർഷം, ഈസ്റ്റർ മുതലായ വിശേഷാവസരങ്ങളിൽ, കരാറിലേർപ്പെടുന്നആൾ ആവശ്യാനുസരണം പ്രത്യേക ഭക്ഷണസാധനങ്ങളും നൽകേണ്ടതുണ്ട്.

7. ചേവായൂർ ഉദയം ഹോമിൽ തയ്യാറാക്കിയ ഭക്ഷണം മറ്റ് ഉദയം ഹോമുകളിലേക്ക് (വെള്ളിമാടുകുന്നു, വെസ്റ്റ് ഹിൽ) നിശ്ചിത സമയങ്ങളിൽ എത്തിക്കേണ്ട ചുമതല കരാറു കാരനാണ്, കൂടാതെ വാഹന സൗകര്യം കരാറുകാരൻ കണ്ടെത്തേണ്ടതാണ്.

8. അടുക്കള തൊഴിലാളികൾ ഒരു രജിസ്റ്റേഡ് മെഡിക്കൽ ഡോക്ടറിൽനിന്നും മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ഹാജരാക്കുക. കൂടാതെ ഭക്ഷണം കൈകാര്യം ചെയ്യുന്നവർക്ക് ഹെൽത്ത് കാർഡ് ഉണ്ടായിരിക്കണം. സാംക്രമിക രോഗങ്ങളിൽ നിന്ന് അവർ രോഗമുക്തരാണെന്ന് ഉറപ്പുവരുത്തുന്നതിനും പൊതുവായ ശാരീരികക്ഷമത ഉറപ്പാക്കുന്നതിനുമാണ് ഇത്.

9. അടുക്കള, ക്യാൻ്റീൻ ഹാളുകൾ, പരിസരം എന്നിവയുൾപ്പെടെ പാത്രങ്ങൾ, കട്ട്ലറികൾ, പാചക പാത്രങ്ങൾ, ഫർണിച്ചറുകൾ, ഫിക്ചറുകൾ മുതലായവയുടെ വൃത്തിയും ശരിയായ പരിപാലനവും കരാറുകാരനായിരിക്കും

10. എല്ലാ ഭക്ഷണയിനങ്ങളും ഉദയത്തിൻ്റെ അടുക്കളയിൽ പുതുതായി പാകം ചെയ്യണം, കൂടാതെ പരിസരത്തിന് പുറത്ത് പാകം ചെയ്ത ഭക്ഷണ സാധനങ്ങൾ കാൻ്റീനിൽ നൽകരുത്.

11. വർഷത്തിൽ 365 ദിവസവും അടുക്കള പ്രവർത്തിക്കേണ്ടതാണ്, ഏതെങ്കിലും കാരണത്തിൽ അടുക്കള പ്രവർത്തിക്കാത്ത പക്ഷം ഉപാധികൾ ഇല്ലാതെ കരാർ റദ്ദ് ചെയ്യാനുള്ള അധികാരം ഉദയത്തിന് ഉണ്ടായിരിക്കും.

12. ദിനംപ്രതി മാലിന്യ നിർമാർജനം കരാറിലേർപ്പെടുന്നആൾ ഉറപ്പാകേണ്ടതാണ്

13. സർക്കാരിൻ്റെ ഗ്രീൻ പ്രോട്ടോക്കോൾ പാലിക്കേണ്ടതാണ്

14. ഭക്ഷ്യ വിഷബാധ, മറ്റു നിയമപ്രകാരമുള്ള നടപടികൾ നേരിടേണ്ടിവന്നാൽ അതിന്റെ പൂർണ ഉത്തരവാദിത്തം കരാറുകാരന് ആയിരിക്കും.

## അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയക്രമം

| Sl. No | വിവരണം | തിയതി |
|---|---|---|
| 1. | പ്രസിദ്ധീകരണ തീയതി | 20/01/2025 |
| 2. | അപേക്ഷകൾ സ്വീകരിക്കാൻ തുടങ്ങുന്ന തിയതി | 20/01/2025 |
| 3. | അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തിയതി | 27/01/2025 |

## ഉദയം നൽകുന്ന സൗകര്യങ്ങൾ

| |
|---|
| പൂർണ്ണ സജ്ജീകരണങ്ങൾ അടങ്ങിയ അടുക്കള, ഡൈനിങ്ങ് ഏരിയ |
| സെർവിംഗ് ഏരിയ, സെർവിംഗ് സ്റ്റാൻഡ്, സെർവിംഗ് പാത്രങ്ങൾ |
| വൈദ്യുതി ലഭ്യമാക്കും |
| ഫർണിച്ചർ |
| ലഭ്യതക്കനുസൃതം കുടിവെള്ളം നൽകുന്നതായിരിക്കും. |

**Annexure I**

**അപേക്ഷ ഫോം**

(സ്ഥാപനത്തിന്റെ ഔദ്യോഗിക ലെറ്റർ പാഡിൽ മുഴുവൻ വിലാസവും ബന്ധപ്പെടാനുള്ള നമ്പറും സീലും സഹിതം നൽകണം)

സ്വീകർത്താവ്

സെക്രട്ടറി, ഉദയം ചാരിറ്റബിള് സൊസൈറ്റി, c/o സൂപ്രണ്ട്, ഉദയം ഹോം, ഗവ: ഡേർമറ്റോളജി ഹോസ്പിറ്റൽ ക്യാമ്പസ്, ചേവായൂർ പി ഓ, കോഴിക്കോട് -673017
Ph: 9207391138. ഇമെയിൽ : udayamprojectkozhikode@gmail.com

വിഷയം: ഉദയം ചാരിറ്റബിൾ സൊസൈറ്റിയിലെ അന്തേവാസികൾക്ക് ഭക്ഷണം വിതരണം ചെയ്യുന്നതിനോ കാൻ്റീൻ സേവനങ്ങൾ നൽകുന്നതിനോ ഉള്ള താൽപര്യപത്രം

സൂചന:
ഉദയം ചാരിറ്റബിൾ സൊസൈറ്റിയിലെ അന്തേവാസികൾക്ക് ഭക്ഷണം വിതരണം ചെയ്യുന്നതിനോ കാൻ്റീൻ സേവനങ്ങൾ നൽകുന്നതിനോ ഉള്ള താത്പര്യപത്രം ക്ഷണിച്ചുകൊണ്ടുള്ള നോട്ടീസ് (ഫയൽ നമ്പർ: UDM/2025/004 തീയതി:20/01/2025)

1. താൽപ്പര്യം പ്രകടിപ്പിക്കുന്നതിനുള്ള ക്ഷണക്കത്തിൽ പ്രസിദ്ധീകരിച്ച പ്രീ-ക്വാളിഫിക്കേഷനും മറ്റ് രേഖകളും പരിശോധിച്ച ശേഷം, മൂല്യനിർണ്ണയത്തിന് ആവശ്യമായ എല്ലാ വിവരങ്ങളും പ്രസക്തമായ രേഖകളും ഞാൻ / ഞങ്ങൾ ഇതിനാൽ സമർപ്പിക്കുന്നു

2. താൽപ്പര്യം പ്രകടിപ്പിക്കാൻ ക്ഷണിച്ചുകൊണ്ട് നോട്ടീസിൽ പറഞ്ഞിരിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും ഞങ്ങൾ അംഗീകരിക്കുകയും ടെൻഡർ കാലയളവിലുടനീളം ഞങ്ങൾ അത് പാലിക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു

3. ആവശ്യമായ രേഖകൾ അപേക്ഷയോടൊപ്പം സമർപ്പിക്കുന്നു.

4. മെനുപ്രകാരമുള്ള ഭക്ഷണം ഒരാൾക്ക് ഒരു ദിവസം നൽകുന്നതിനുള്ള നിരക്ക് : ________________________

തീയതി:

(പേര് ഉൾപ്പെടെ അപേക്ഷകൻ്റെ ഒപ്പ്)